# പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :814 30.10.2019 ലെ മറുപടിയ്ക്ക്

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് നേരെയുള്ള അതിക്രമങ്ങൾ

<table>
<tr><td></td><td>ചോദ്യം<br><br>ശ്രീ.കെ.സി.ജോസഫ്</td><td></td><td>മറുപടി<br><br>ശ്രീ.എ.കെ. ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി)</td></tr>
<tr><td>എ)</td><td>സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നേരെയുള്ള അതിക്രമവും, പീഡനവും വർദ്ധിക്കുന്നതായുള്ള നാഷണൽ ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;</td><td>എ)</td><td>സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നേരെയുള്ള അതിക്രമവും പീഢനവും നേരിയ തോതിൽ വർദ്ധിക്കുന്നതായി നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കുകൾ കാണിക്കുന്നു. വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.
<table>
<tr><th>വർഷം</th><th>2016</th><th>2017</th><th>2018</th></tr>
<tr><td>രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം</td><td>992</td><td>1060</td><td>1207</td></tr>
</table></td></tr>
<tr><td>ബി)</td><td>ഈ സർക്കാർ നിലവിൽ വന്നശേഷം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നേരെ ഉണ്ടായിട്ടുള്ള പീഡനങ്ങളും അതിക്രമങ്ങളും സംബന്ധിച്ച വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;</td><td>ബി)</td><td>പട്ടികജാതി പട്ടികവർഗ്ഗ (അതിക്രങ്ങൾ തടയൽ) നിയമ പ്രകാരം രജിസ്റ്റർ ചെയ്ത കേസുകളുടെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.
<table>
<tr><th>വർഷം</th><th>2016 (25/5/16 മുതൽ)</th><th>2017</th><th>2018</th><th>2019</th></tr>
<tr><td>രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം</td><td>705</td><td>1060</td><td>1207</td><td>887</td></tr>
</table></td></tr>
</table>

| | | | |
|---|---|---|---|
| സി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ നൽകുന്ന പരാതികളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിന് വകുപ്പിന്റെ ഭാഗത്ത് നിന്നും എന്തെല്ലാം ഇടപെടലുകളാണ് ഉണ്ടാകുന്നതെന്ന് വ്യക്തമാക്കാമോ? | സി) | പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെ അതിക്രമങ്ങൾ നടന്നാൽ പോലീസ് അധികൃതർ മുഖേന അതിക്രമം തടയൽ നിയമ പ്രകാരം കേസ് രജിസ്റ്റർ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുകയും, 3 മാസത്തിൽ ഒരിക്കൽ ജില്ലാതലത്തിൽ വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന് കേസുകളുടെ അന്വേഷണം ത്വരിതപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>സംസ്ഥാനതല വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റിയും കേസുകൾ വിലയിരുത്തുന്നുണ്ട്. അതിക്രമങ്ങൾ തടയൽ നിയമത്തെ സംബന്ധിച്ച് പ്രൊമോട്ടർമാർ, ആശവർക്കർമാർ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ മെമ്പർമാർ തുടങ്ങിയവരെ ഉൾക്കൊള്ളിച്ച് ബോധവത്കരണ ക്ലാസുകളും സെമിനാറുകളും നടത്തുകയും ചെയ്യുന്നുണ്ട്.<br><br>എല്ലാ വർഷവും സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണത്തോടനുബന്ധിച്ച് ഇക്കാര്യത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ ക്കാർക്ക് ബോധ വൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ച് വരുന്നുണ്ട്. അതിക്രമങ്ങൾക്ക് വിധേയരാകുന്നവരെ പുനരധിവസിപ്പിക്കു ന്നതിനും, അതിക്രങ്ങൾക്ക് വിധേയരാകുന്ന വർക്ക് സൗജന്യ നിയമ സഹായം, അർഹമായ കേസുകളിൽ ആശ്രിതർക്ക് സർക്കാർ ജോലി, ആശ്രിതർക്കുള്ള ധനസഹായം തുടങ്ങിയ പരിരക്ഷകളും ഈ നിയമം വഴി ഉറപ്പ് വരുത്തുന്നുണ്ട്.<br>1989 ലെ പട്ടികജാതി/പട്ടികവർഗ്ഗ (അതിക്രങ്ങൾ തടയൽ) നിയമ പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ അന്വേഷണം, കേസുകളുടെ നടത്തിപ്പ് എന്നിവ സുഗമമാക്കുന്നതിനായി വയനാട്, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ സ്പെഷ്യൽ മൊബൈൽ സ്ക്വാഡുകളും, ടി കേസുകളുടെ സമയബന്ധിത തീർപ്പാക്കലിനു കൊല്ലം- കൊട്ടാരക്കരയിലും, പാലക്കാട്-മണ്ണാർക്കാട്ടും മലപ്പുറം ജില്ലയിലെ മഞ്ചേരിയിലും വയനാട് ജില്ലയിലെ മാനന്തവാടിയിലും സ്പെഷ്യൽ കോടതികളും പ്രവർത്തിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**